**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 263** **07-10-2024 - ൽ മറുപടിയ്ക്ക്**

**വെട്ടൂർ കുടുംബാരോഗ്യകേന്ദ്ര കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിലെ വെട്ടൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | വർക്കല മണ്ഡലത്തിലെ വെട്ടൂർ കുടുംബാരോഗ്യ കേന്ദ്രത്തിനു പുതിയ കെട്ടിടം പണിയുന്നതിന് 225 ലക്ഷം രൂപക്കുള്ള ഭരണാനുമതി നൽകിയിരുന്നെങ്കിലും, ടി തുകക്ക് പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിലേക്കായി രണ്ടാം ഘട്ടമായി 200 ലക്ഷം രൂപയുടെ പുതിയ എസ്റ്റിമേറ്റ് ഭരണാനുമതി ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (ബി) | ആയതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ബി) | വെട്ടൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ ഒപി കെട്ടിടം പണിയുന്നതിന് 2019-20 സാമ്പത്തികവർഷത്തിൽ 225 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത തുകയ്ക്ക് പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചിരുന്നില്ല. എല്ലാ ഫ്ലോറിന്റെയും ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ബേസ്മെന്റ് ഫ്ലോർ തൂണുകൾ ഉയർത്തുകയും ബേസ്മെൻറ് റൂഫ് സ്ലാബ് ഷട്ടറിംഗ് പ്രവൃത്തികൾ നടത്തുകയും ചെയ്തിട്ടുണ്ട്. ബേസ്മെന്റ് ഫ്ലോറിന്റെ സ്ട്രക്ചറൽ പ്രവൃത്തികളും സംരക്ഷണ ഭിത്തിയുടെ ഭാഗികമായ നിർമ്മാണവും ഒന്നാം ഘട്ടത്തിൽ അനുവദിച്ച മുഴവൻ തുകയും വിനിയോഗിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ, മൂന്നു ഘട്ടങ്ങളായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തുക കണ്ടെത്താൻ ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ട പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 200ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ